**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3888 21.06.2019-ലെ മറുപടിയ്ക്ക്

## കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ശശി** | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കായിക രംഗത്ത് കഴിവ് തെളിയിച്ചിട്ടുള്ള താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിൽ ഇടം നേടിയ കേരള താരം ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.<br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്. |

| | |
|---|---|
| | കായികമികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ.പി.കെ.യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br>2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ.ഷൈബൻ.ഇ.ബിയ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ കണ്ണൂർ ജില്ലാ കാര്യാലയത്തിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഒരു ക്ലാർക്ക് നിയമനം നൽകിയിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ